**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 275** **23-01-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണത്തിലെ തടസ്സങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടി, മുകുന്ദപുരം താലൂക്ക് സപ്ലൈ ഓഫീസുകൾക്ക് കീഴിലുള്ള വിവിധ റേഷൻ കടകളിൽ ഗോഡൗണുകളിൽ നിന്നും റേഷൻ സാധനങ്ങൾ യഥാസമയം എത്തിച്ചു നൽകുന്നതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഈ വിഷയത്തിൽ യഥാസമയങ്ങളിൽ ഇടപെടലുകൾ നടത്തിയും ബഹു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അധികൃതരും, തൊഴിൽ വകുപ്പും, ട്രാൻസ്പ്പോർട്ടേഷൻ കരാറുകാരനും ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചർച്ചകൾ നടത്തി അത് പരിഹരിച്ച് പൊതുജനങ്ങളിൽ നിന്നും പരാതിക്ക് ഇടയില്ലാത്തവിധം വാതിൽപ്പടി വിതരണവും റേഷൻ വിട്ടെടുപ്പും പ്രസ്തുത താലൂക്കുകളിൽ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | വിതരണ കരാർ കമ്പനികളുടെ വീഴ്ച പരിശോധിക്കുന്നതിനും യഥാസമയം റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | ചാലക്കുടി, മുകുന്ദപുരം താലൂക്കുകൾക്ക് കീഴിലുള്ള റേഷൻ കടകളിലേക്കു യഥാസമയം റേഷൻ ഭക്ഷ്യധാന്യങ്ങൾ എത്തിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഇ-പോസ് മെഷീനുകളുടെ കേബിളുകൾ തകരാറിലാണ് എന്ന കാരണത്താൽ റേഷൻ വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | (സി) | ഇ-പോസ് മെഷീനുകളുടെ കേബിളുകൾ തകരാറിലാണെന്ന കാരണത്താൽ റേഷൻ വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ